## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.361   29/06/2015-ൽ മറുപടിക്ക്

# കക്കയം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് അനുബന്ധമായുള്ള ടെയിൽ റേസ് നിർമ്മാണം.

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കക്കയം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് അനുബന്ധമായുള്ള ടെയിൽ റേസ് പവ്വർഹൗസിന് കക്കയം അങ്ങാടിയിൽ നിർമ്മിച്ച വലിയകുഴി സമീപത്തെ റോഡിനും കെട്ടിടത്തിനും ഭീഷണിയായി തുടരുന്ന കാര്യം ശ്രദ്ധയിൽപെട്ടി ട്ടുണ്ടോ ; | (എ) | കക്കയത്തെ പ്രധാനപ്പെട്ട പവർഹൗസിൽ നിന്നും വൈദ്യുതി ഉല്പാദനത്തിനു ശേഷം റേസിലൂടെ ഒഴുക്കിവിടുന്ന വെള്ളം ഉപയോഗിച്ച് 3 മെഗാവാട്ട് ഉല്പാദന ശേഷിയുള്ള ഒരു ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പവർഹൗസ് നിർമ്മാണത്തിനു വേണ്ടിയുള്ള കുഴിയാണ് എടുത്തിരിക്കുന്നത്. സമീപത്തുള്ള ചില കെട്ടിടങ്ങളിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കോളനിയിലേക്കുള്ള റോഡിലും ചെറിയ റോഡിലും ചെറിയ വിള്ളലുകൾ രൂപപ്പെട്ടിരുന്നുവെങ്കിലും നിലവിൽ ഇവയ്ക്ക് യാതൊരു ഭീഷണിയുമില്ല. മുൻപ് ഉണ്ടായിട്ടുള്ള ചെറിയ വിള്ളലുകൾ വലുതാവുകയോ പുതിയവ രൂപപ്പെടുകയോ ചെയ്തിട്ടില്ല. |
| (ബി) | നിർമ്മാണ പ്രവൃത്തികൾ ഇത്രയും അപകടകരമായ അവസ്ഥയിൽ നിർത്തി വെക്കേണ്ടിവന്ന സാഹചര്യം അറിയിക്കാമോ; | (ബി) | പവർ ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും നിർത്തിവെച്ചിട്ടില്ല. അനുബന്ധ പ്രവൃത്തികൾ നടന്നുവരുന്നു. മേയ് മാസത്തിൽ കക്കയത്ത് അമിതമായി പെയ്ത വേനൽ മഴയിൽ ജലനിരപ്പ് അമിതമായി ഉയർന്നതുകാരണം ഫൗണ്ടേഷൻ പ്രവർത്തികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ നിർബന്ധിതമായി. |

| | | | |
|---|---|---|---|
| (സി) | നിർമ്മാണം സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കുന്നതിനും തുടർ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പ്രവൃത്തി സ്ഥലം സന്ദർശിക്കുന്നതിനും അവിടെ ഉന്നതതല യോഗം ചേരുന്നതിനും നടപടി സ്വീകരിക്കാമോ? | (സി) | പദ്ധതിയുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയർ 27/05/2015ന് സ്ഥലം സന്ദർശിച്ച് സ്ഥിതി ഗതികൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ